

# അറവളിച്ചം

AMP 2025-2026



ഗവ: എൽ.പി.എസ് വെള്ളാണിക്കൽ

# GLPS വെള്ളാണിക്കൽ

# അക്കാദമിക മാസ്റ്റർപ്ലാൻ

## 2025-26

# ആമുഖം

തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് താലൂക്കിൽ മാണിക്കൽ ഗ്രാമപഞ്ചായത്തിൽ ഒന്നാം വാർഡിൽ വെള്ളാണിക്കൽ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന വിദ്യാലയമാണ് ജി. എൽ. പി. എസ് വെള്ളാണിക്കൽ. 1948-ൽ ആണ് ഈ വിദ്യാലയം പ്രവർത്തനമാരംഭിച്ചത്. 2006-ൽ പ്രീ-പ്രൈമറി ആരംഭിച്ചു. ഭൗതികവും അക്കാദമികവുമായ എല്ലാ സൗകര്യങ്ങളും ഈ സ്കൂളിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക രംഗം, അനുദിനം മാറുന്ന മാറ്റങ്ങളെ ഉൾക്കൊണ്ട് കൊണ്ട് കൂടുതൽ ശക്തിപ്പെടുത്തേണ്ടത് അനിവാര്യമാണ്. അക്കാദമിക രംഗത്ത് ഈ ഒരു വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ വിഷയാടിസ്ഥാനത്തിൽ ഇവ ആസൂത്രണം ചെയ്ത് രേഖപ്പെടുത്തിയിരിക്കുന്നു. വിദ്യാലയ പുരോഗതി മുന്നിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയത്.

# ലക്ഷ്യങ്ങൾ

* ഒന്നു മുതൽ അഞ്ച് വരെ ക്ലാസ്സുകളിൽ ഉൾപ്പെടുന്ന കുട്ടികളിൽ അടിസ്ഥാന ശേഷികൾ ഉറപ്പിക്കുക

* അക്കാദമിക വികാസത്തിന് ഉതകുന്ന തരത്തിൽ ദീർഘ കാല വികസനത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുക

* വിദ്യാലയവും പൊതുസമൂഹവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുക

* കുട്ടികളുടെ സർഗ്ഗാത്മകവും അക്കാദമികവും കായികവുമായ കഴിവുകളെ പരിപോഷിപ്പിക്കുക

* എഴുത്തും വായനയും പരിപോഷിപ്പിക്കുക.

# ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | നിർവഹണ സന്ദർഭം. |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ക്ലാസ് അടിസ്ഥാനത്തിൽ ഓരോ കുട്ടിയുടെയും അടിസ്ഥാനഭാഷാ ശേഷി വിലയിരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ.<br>→ പദകാർഡ്, പദകേളി<br>→ കഥാചാർട്ട്<br>→ അക്ഷരപ്പാട്ടുകൾ.<br>→ അമ്മമാർക്കൊരു കുട്ടിക്കഥ.<br>എന്നിവയടങ്ങുന്ന മുന്നൊരുക്കങ്ങൾ | ജൂൺ | സബ്. ആർജി. | സ്കൂൾ അസംബ്ലി / ബാലസഭ. |
| വായനാശേഷി വളർത്തൽ | • ക്ലാസ് ലൈബ്രറി<br>→ ലൈബ്രറി ഒരുക്കൽ<br>→ വായനാക്കുറിപ്പ് തയ്യാറാക്കൽ<br>→ പുസ്തക പരിചയം<br>→ വായനക്കുറിപ്പ്<br>→ ആനുകാലികവായന. | " ഒരുവർഷം | S.R.G, P.T.A | ദിനാചരണങ്ങൾ വായനദിനം. |

Actionplan. 2017 - master plan

| | | | | |
|---|---|---|---|---|
| | → അമ്മവായന - മാസത്തിലൊരിക്കൽ<br>→ പരിസ്ഥിതിദിനാചരണത്തോടനുബന്ധിച്ച് വായനയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ [കുട്ടിക്കവിത, ചിത്രരചന, എന്റെ മരം എന്റെ ചെടി] | ഒരു വർഷം | M.P.T.A | |
| ലേഖനശേഷി വർദ്ധിപ്പിക്കൽ. | → ഡയറിയെഴുത്ത് പരിപോഷിപ്പിക്കൽ<br>→ സർഗാത്മകരചന [കഥ, കവിത]<br>→ ചിത്രം നോക്കി കഥ വികസിപ്പിക്കൽ - ലേഖനം. [ICT സഹായത്തോടെ] | ഒരു വർഷം | S.R.G | |
| എഴുത്ത് പരിപോഷിപ്പിക്കൽ | • പാഠഭാഗങ്ങളിൽനിന്നും പഠന പ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ<br>→ വായനകാർഡ് നിർമ്മാണം, വിതരണം.<br>→ രചനാപരിചയക്കുറിപ്പ് തയ്യാറാക്കൽ. [ലൈബ്രറി പുസ്തകം പരിചയപ്പെടുത്തി] | പ്രതിമാസം | ക്ലാസ് ടീച്ചർ. | ബാലസഭ/ അസംബ്ലി |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങൾ | കവികൾ സാഹിത്യകാരന്മാർ തുടങ്ങി ഭാഷയുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ നടപ്പിലാക്കുന്നു.<br>• ലഘുപ്രഭാഷണം, ക്വിസ് | ഒരു വർഷം / ആവശ്യാനുസരണം | അധ്യാപിക | അസംബ്ലി/ |
| സർഗാത്മക രചന | • കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കുന്നു [ Digital Magzine, പതിപ്പുകൾ, കവിതാപതിപ്പുകൾ] | ജനുവരി | അധ്യാപിക CPTA SRG | പഠനോത്സവം. |
| അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | → പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | ഒരു വർഷം | അധ്യാപിക SRG. | ദിനാചരണങ്ങളുമായി ബന്ധപ്പെട്ട. |
| ഒരു ദിനം ഒരു പുസ്തകം | → അസംബ്ലി [ ഓരോ പുസ്തകവും പരിചയപ്പെടുത്തുന്നു] | | | |

| | | | | |
|---|---|---|---|---|
| ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ. | കുട്ടികളുടെ സർഗശേഷികളുടെ പ്രദർശനം | വർഷത്തിൽ ഒരിക്കൽ | S.R.G<br>HM<br>Class Teacher | [illegible] പഠനോത്സവം. |

# ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ഗണിതപഠനം രസകരമാക്കൽ | ഓരോ ക്ലാസിലും ഗണിതപഠനം ആസ്വാദ്യകരമാക്കുന്നതിന് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. | വർഷം മുഴുവൻ | അധ്യാപകർ | Class |
| നിർമ്മാണ പ്രവർത്തനങ്ങൾ | ഗണിതകേളികൾ<br>കളികളിലൂടെ ഗണിതം രസകരമാക്കുന്നതിനുള്ള പലതരം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. | " | | School. |
| | ഗണിത ചാർട്ട്<br>ഒന്ന് രണ്ട് ക്ലാസുകളിലെ കുട്ടികൾക്ക് ഗണിതആശയങ്ങൾ ഉറപ്പിക്കുന്നതിന് ഗണിത ചാർട്ടുകൾ കൂടുതലായി അവതരിപ്പിക്കുന്നു. | " | | School |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| | ഗണിതം നിത്യജീവിതത്തിൽ<br>നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിലൂടെ ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | | | Class |
| | ഉല്ലാസഗണിതം, ഗണിതവിജയം<br>ഉല്ലാസഗണിതം പ്രവർത്തനങ്ങൾ ഒന്ന് രണ്ട് ക്ലാസുകളിലെ കുട്ടികൾക്കും ഗണിത വിജയം മൂന്ന് നാല് ക്ലാസുകളിലെ കുട്ടികൾക്കും നടപ്പിലാക്കുന്നു. | | | School |
| ഒറിഗാമിയിലൂടെ ഗണിതപഠനം കര-ചലന ശേഷിവികാസം | ഗണിതാശയങ്ങളുമായി ബന്ധപ്പെട്ട രൂപങ്ങൾ ഒറിഗാമിയായി നിർമ്മിക്കുന്നു. പ്രദർശിപ്പിക്കുന്നു. | | | School |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
| --- | --- | --- | --- | --- |
| ഗണിത പഠനം ICT യിലൂടെ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ICT സാധ്യത പ്രയോജനപ്പെടുത്തി അവതരിപ്പിക്കുന്നു. | ഒരു വർഷം | | School. |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പാക്കുന്നു. | ഒരു വർഷം | | School. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ഗണിത പഠന ഉപകരണങ്ങൾ നിർമ്മിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം പ്രദർശനം | വർഷം മുഴുവൻ | | School |
| ഒരു ദിനം ഒരു ചോദ്യം | ഒരു ദിവസം ഒരു പ്രവർത്തനം എന്ന രീതിയിൽ ഗണിത പസിലുകൾ കുസൃതി കണക്കുകൾ എന്നിവ അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ | | School |
| വർക്ക് ഷീറ്റ് നിർമ്മാണം | ക്ലാസ് അടിസ്ഥാനത്തിൽ പഠനത്തിനാവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ഒരു വർഷം | | School |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | അവതരണ സന്ദർഭം |
| --- | --- | --- | --- | --- |
| ഗണിത പഠനം ICT യിലൂടെ | പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ICT സാധ്യത പ്രയോജനപ്പെടുത്തി അവതരിപ്പിക്കുന്നു. | ഒരു വർഷം | | School. |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാം കുട്ടികൾക്കും ഉറപ്പാക്കൽ | ഗണിത പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് ഗണിത ആശയങ്ങൾ ഉറപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ കുട്ടികളിലും ഉറപ്പിക്കുന്നു. | ഒരു വർഷം | | School. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | ചിന്തുന്ന സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| ഗണിത പഠന ഉപകരണങ്ങൾ നിർമ്മിക്കുന്നു. | പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണ നിർമ്മാണം പ്രദർശനം | വർഷം മുഴുവൻ | | School |
| ഒരു ദിനം ഒരു ചോദ്യം | ഒരു ദിവസം ഒരു പ്രവർത്തനം എന്ന രീതിയിൽ ഗണിത പസിലുകൾ കുസൃതി കണക്കുകൾ എന്നിവ അവതരിപ്പിക്കുന്നു. | വർഷം മുഴുവൻ | | School |
| വർക്ക്ഷീറ്റ് നിർമ്മാണം | ക്ലാസ് അടിസ്ഥാനത്തിൽ പഠനത്തിനാവശ്യമായ വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. | ഒരു വർഷം | | School |

# ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | അവതരണ സ്ഥലങ്ങൾ |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ കേൾക്കുന്നതിനും സംസാരിക്കുന്നതിനും കൂടുതൽ അവസരം സൃഷ്ടിച്ച് ഇംഗ്ലീഷ് ഭാഷാ പ്രാവീണ്യം മെച്ചപ്പെടുത്തുക. | ഇംഗ്ലീഷ് ക്ലാസ്സുകളിൽ ഇംഗ്ലീഷിൽ മാത്രം സംവദിക്കുക. | 1Yr. | അദ്ധ്യാപകർ | Class |
| | സ്കൂളിലെ പൊതു നിർദ്ദേശങ്ങൾ ഇംഗ്ലീഷിൽ നൽകുക. | 1Yr. | " | School |
| | ഇംഗ്ലീഷ് അസംബ്ലി: ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി സംഘടിപ്പിക്കുക. | 1Yr. | " | |
| | One day one word: ഒരു ദിവസം ഒരു ഇംഗ്ലീഷ് വാക്ക് പരിചയപ്പെടുത്തുന്നതിന് കുട്ടികൾക്ക് അവസരം നൽകുക. | 1Yr. | " | School |

| | | | | |
|---|---|---|---|---|
| വായന/ എഴുത്ത് | കാർട്ടൂൺ/സ്റ്റോറി<br>കാർട്ടൂൺ/സ്റ്റോറി ആസ്വദിക്കാൻ കാണുന്നതിന് അവസരം നൽകുക.<br>ഇംഗ്ലീഷ് ബാലസഭ<br>ഇംഗ്ലീഷ് ബുക്കുകൾ, Story, Novel, Poem... വായിച്ച് അവതരിപ്പിക്കുക.<br>വായനകാർഡുകൾ / വായനക്കുറിപ്പുകൾ നിർമ്മാണം (ചിത്രരചന)<br>ഇംഗ്ലീഷ് ഡയറി - 2, 3, 4, 5 ക്ലാസുകളിൽ | 1 Yr<br>1 Yr<br>1 Yr | | |

| | | | | |
|---|---|---|---|---|
| | ഇംഗ്ലീഷ് റീഡിങ് കാർഡ് നിർമ്മാണം- അധ്യാപകരും കുട്ടികളും ചേർന്ന് തങ്ങളുടെ പഠനപ്രവർത്തനങ്ങൾക്ക് അനുയോജ്യമായ റീഡിംഗ് കാർഡുകൾ ക്ലാസ്സ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നു. വായനകാർഡിൽ ഉൾപ്പെടുത്തേണ്ട ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായം പ്രയോജനപ്പെടുത്തുന്നു. | വർഷം മുഴുവൻ (പഠനപ്രവർത്തനങ്ങളോടൊപ്പം) | അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ | School |
| | ഡിക്ഷ്ണറി നിർമ്മാണം - ക്ലാസ്സ് അടിസ്ഥാനത്തിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട 'New words' കണ്ടെത്തി ക്ലാസ്സ് ഡിക്ഷണറി തയ്യാറാക്കുന്നു. ഇവ ക്രോഡീകരിച്ച് സ്കൂൾ ഡിക്ഷണറി തയ്യാറാക്കുന്നു. (1-5, English പാഠഭാഗങ്ങളിലെ New words ഉൾപ്പെടുത്തി) റഫറൻസ് പുസ്തകമായി സ്കൂളിൽ സൂക്ഷിക്കുന്നു. | ഒരു വർഷം (പഠനപ്രവർത്തനങ്ങളോടൊപ്പം) | അധ്യാപകർ, വിദ്യാർത്ഥികൾ | School |

| | | | | |
|---|---|---|---|---|
| | **ഇംഗ്ലീഷ് കോർണർ**<br>കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ സജ്ജീകരിക്കുന്നു. വായനയ്ക്ക് പ്രയോജനപ്പെടുത്തുന്നു. | ഒരു വർഷം | അധ്യാപകർ, വിദ്യാർത്ഥികൾ | school |
| | **ഇംഗ്ലീഷ് മാഗസിൻ :-**<br>1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികളുടെ സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി ഇംഗ്ലീഷ് മാഗസിൻ തയ്യാറാക്കുന്നു | ഒരു വർഷം/ | അധ്യാപകർ, വിദ്യാർത്ഥികൾ | school |

# പരിസരപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസര നിരീക്ഷണത്തിലൂടെ ജീവികളുടെ വാസസ്ഥലങ്ങൾ വ്യത്യസ്തമാണെന്ന് തിരിച്ചറിയുന്നതിന് | - ജീവികളെ കരയിൽ ജീവിക്കുന്നവ, ജലത്തിൽ ജീവിക്കുന്നവ എന്നിങ്ങനെ തരംതിരിക്കുന്നു. പട്ടികപ്പെടുത്തുന്നു. <br> = വാസസ്ഥലങ്ങൾ പരിചയപ്പെടൽ, ചിത്രനിരീക്ഷണത്തിലൂടെ | 1st Term | | |
| നിരീക്ഷണം, വിവരശേഖരണം ചർച്ച എന്നിവയിലൂടെ ജലജീവികളുടെ അനുകൂലനങ്ങൾ മനസ്സിലാക്കുന്നത് സംബന്ധിച്ച്. | അമ്പൽക്കുളത്തിലെ ജലജീവികളെ നിരീക്ഷിക്കൽ പ്രത്യേകതകൾ കണ്ടെത്തൽ. | ജൂലൈ | | |
| | - മത്സ്യചിത്രം വരച്ച് ശാരീരിക പ്രത്യേകതകൾ കണ്ടെത്തുന്നതിന് | ജൂലൈ | | |

| ലക്ഷ്യം | പഠനപ്രവർത്തനം | സമയക്രമം | ചിന്തന സംവിധാനം | അവതരണ സന്ദർഭം |
|---|---|---|---|---|
| നിരീക്ഷണം, വിവരശേഖരണം, ചർച്ച എന്നിവയിലൂടെ ആവാസവ്യവസ്ഥയെ കുറിച്ച് ധാരണ നേടുകയും ആവാസവ്യവസ്ഥയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള പരസ്പരബന്ധം കണ്ടെത്തുകയും ചെയ്യുക. | ചിത്രനിരീക്ഷണത്തിലൂടെ വിവിധതരം ആവാസവ്യവസ്ഥകൾ കണ്ടെത്തുന്നു.<br>- പരസ്പര ആശ്രയത്വത്തെ കുറിച്ചുള്ള കുറിപ്പ് തയ്യാറാക്കൽ<br>- പ്രാധാന്യം മനസിലാക്കൽ. | ഒരു പീരിഡ്. | | |

# സാമൂഹ്യശാസ്ത്രം. യു.പി.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ, നേടിയെടുക്കൽ. | അങ്കത്തട്ട് - കളിയിൽ നിന്ന് കാര്യത്തിലേക്ക്<br>സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് ചോദ്യങ്ങൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| | ഓർമ്മച്ചെപ്പ്<br>അന്തർദേശീയതലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, തലസ്ഥാനങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകളുപയോഗിച്ച് Memory test നടത്തുന്നു. | ജൂൺ. | സാമൂഹ്യശാസ്ത്ര അധ്യാപകർ/ S.R.G. | |

| | | | | |
|---|---|---|---|---|
| 2) പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക. | <u>Virtual Field Trip</u><br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | ജൂലൈ. | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |
| 3) ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | <u>വിദ്യാലയത്തിൽ നിന്ന് അരങ്ങത്തേക്ക്</u><br>ഗ്രാമസഭ, വാർഡ്സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യരീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | ആഗസ്റ്റ് | സാമൂഹ്യശാസ്ത്ര അധ്യാപകർ. | |

# സാമൂഹ്യശാസ്ത്രം Class Level

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണ സംവിധാനം | വിഭവങ്ങൾ സാദ്ധ്യതകൾ |
|---|---|---|---|---|
| സാമൂഹ്യശാസ്ത്രത്തിലെ അടിസ്ഥാനതല ആശയങ്ങൾ, അറിവുകൾ ഇവ പരിപോഷിപ്പിക്കുന്നതിന്, നേടിയെടുക്കുന്നതിന്. പരിസരത്തിന്റെ സാമൂഹിക ചുറ്റുപാടുകൾ തിരിച്ചറിയുന്നതിന്. | • കേരളം, ഇന്ത്യ - മുന്നറിവ് പരിപോഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• വിട്ടു പസിലുകൾ പൂർത്തിയാക്കാം.<br>• ICT പ്രയോജനപ്പെടുത്തി പ്രകൃതി സംരക്ഷണം ( പരിസ്ഥിതി, പ്രകൃതി ദുരന്തങ്ങൾ) ലഘു വിവരണം തയ്യാറാക്കൽ<br>• പൊതുസ്ഥാപനങ്ങൾ സംബന്ധിച്ചുള്ള അറിവ്<br>• ചിത്രരചന, ഗാനരചന.<br>• യാത്രാനുഭവം തയ്യാറാക്കൽ. | | | |

| | | | | |
|---|---|---|---|---|
| ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുന്നതിന്. | • ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയവയെ കുറിച്ചുള്ള അറിവ്.<br>• രക്ഷിതാക്കളോടൊപ്പം ഗ്രാമസഭ, വാർഡ് സഭ തുടങ്ങിയവിൽ പങ്കെടുക്കുന്നു. | | | |
| ചരിത്രാവബോധം സൃഷ്ടിക്കുന്നതിന് | • ലോകമഹാത്ഭുതങ്ങൾ, historical moniments. തുടങ്ങിയവ ICT പ്രയോജനപ്പെടുത്തി കുട്ടികളിൽ എത്തിക്കാൻ ശ്രമിക്കുന്നു.<br>• കുറിപ്പ് തയ്യാറാക്കൽ<br>• മാഗസിൻ | | | |
| പ്രകൃതിദുരന്തങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് | • വീഡിയോ<br>• ഡോക്യുമെന്ററി പ്രദർശനം. | | | |

# U.P - അടിസ്ഥാനശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണസംവിധാനം | പ്രവർത്തന സന്ദർഭം |
|---|---|---|---|---|
| * പ്രകൃതിസംരക്ഷണം | * നിലവിലുള്ള സസ്യങ്ങളെ സംരക്ഷിക്കൽ<br>* പുതിയ സസ്യങ്ങൾ വച്ചുപിടിപ്പിക്കൽ<br>* ഔഷധത്തോട്ട നിർമ്മാണം<br>* പ്ലാസ്റ്റിക് രഹിത ക്യാമ്പസ് | 1 Yr | അധ്യാപകർ | school |
| * ജൈവവൈവിധ്യ ഉദ്യാനം | * ജൈവവൈവിധ്യ ഉദ്യാനം നിർമ്മിക്കൽ<br>* ചെടികൾ കണ്ടെത്തുന്നു<br>* നട്ടുവളർത്തുന്നു<br>* സസ്യപരിപാലനം<br>* ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ ഉൾപ്പെടുത്തുന്നു. | 1 Yr | അധ്യാപകർ | School |

| | | | | |
|---|---|---|---|---|
| * പരീക്ഷണങ്ങൾ | * പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു. | ഒരു വർഷം | അധ്യാപകർ | school |
| * പഠനോപകരണ നിർമ്മാണം | * പാഠഭാഗവുമായി ബന്ധപ്പെട്ട പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. | 1 വർഷം | ,, | School |
| * ശാസ്ത്ര [illegible] | * ~~ശാസ്ത്രജ്ഞ~~<br>* ശാസ്ത്രജ്ഞന്മാരെ പരിചയപ്പെടുന്നു.<br>* കണ്ടുപിടിത്തങ്ങൾ രേഖപ്പെടുത്തുന്നു | 1 വർഷം | 〃 | 〃 |

# അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല: യു.പി. ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാവർക്കും ഉറപ്പ് വരുത്തുന്നു | കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു | ജൂൺ | ഗണിത അധ്യാപകൻ | |
| 2. രസകരവും ഗണിതശാസ്ത്ര പഠനവും കര-ചലന ശേഷിക-ളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ ഉപകരണങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ. പ്രദർശനം. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകൻ | |
| 3. ഗണിത പഠന പ്രവർത്തനങ്ങളെ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ | അധ്യയനാരംഭം | ഗണിതാധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4. ഗണിതം മധുരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിതക്ലബ്ബ് | ഗണിതക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇവ പോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തി-ക്കൊണ്ട് പഠനം. | മാസത്തിൽ ഒരു ദിവസം | ഗണിത അധ്യാപകർ | |
| 6. ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടി-കളെ മുൻനിര-യിൽ എത്തിക്കുന്നു | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെയും മുന്നോക്കം നിൽക്കുന്ന കുട്ടി-കളെയും ചേർത്ത് പിന്നോക്കം നിൽ-ക്കുന്ന വരെ മുൻനിരയിൽ ലക്ഷ്യമാക്കി കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും കുട്ടികളും | |
| 7. വിവിധ മേഖലകളിലെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണ-ങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർ-ത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനു-സരണം | SRG | |